Adda247 GET IT ON Google Play

**Signature and Name of Invigilator**

1. (Signature) ____________________

   (Name) ____________________

2. (Signature) ____________________

   (Name) ____________________

**OMR Sheet No. :** ..................................................

(To be filled by the Candidate)

**Roll No.** | | | | | | | |

(In figures as per admission card)

**Roll No.** ____________________

(In words)

**Test Booklet No.**

**J—2208**

**PAPER—II**

# MALAYALAM

**Time : 1¼ hours]** **[Maximum Marks : 100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the question booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered in the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.

   **Example :** (A) (B) ⬤ (D)

   where (C) is the correct response.
5. Your responses to the items are to be indicated in the Answer Sheet given **inside the Paper I booklet only**. If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is NO negative marking.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या OMR पत्रक पर अंकित करें और OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं। आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।

   **उदाहरण :** (A) (B) ⬤ (D)

   जबकि (C) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये** उत्तर-पत्रक पर ही अंकित करने हैं। यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते है, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे।
9. आपको परीक्षा समाप्त होने पर उत्तर-पुस्तिका निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद अपने साथ परीक्षा भवन से बाहर न लेकर जायें।
10. **केवल नीले/काले बाल प्वाईंट पैन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तर के लिए अंक नहीं काटे जायेंगे।**

# Test Prime

## ALL EXAMS, ONE SUBSCRIPTION

**70,000+** Mock Tests

Personalised Report Card

Unlimited Re-Attempt

**600+** Exam Covered

Previous Year Papers

**500%** Refund

IBPS

NABARD

ATTEMPT FREE MOCK NOW

Adda247
GET IT ON Google Play

# MALAYALAM

## PAPER II

**Note :** ഈ ചോദ്യക്കടലാസിൽ അമ്പത് (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും രണ്ടു (2) മാർക്ക്. ഉത്തരക്കടലാസിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

**1.** ഭാഷാപദങ്ങളോട് സംസ്കൃതപ്രത്യയം ചേർത്തുണ്ടാക്കുന്ന രൂപങ്ങൾക്ക് ലീലാതിലകകാരൻ നൽകുന്ന പേര്

(A) തത്ഭവം (B) സംസ്കൃതീകൃതം

(C) തത്സമം (D) സംസ്കൃതഭവം

**2.** സാഹിത്യ ചരിത്രകാരന്മാരുടെ വാദമനുസരിച്ച് മലയാളത്തിലെ ഏറ്റവും പ്രാചീനമായ ഭാഷാചമ്പു

(A) ഉണ്ണിയാടി ചരിതം (B) രാമായണം ചമ്പു

(C) ഉണ്ണിച്ചിരുതേവി ചരിതം (D) ഉണ്ണിയച്ചീ ചരിതം

**3.** "കൊഞ്ചിക്കൊണ്ടു വളർന്നൊരു പൈതലേ

കഞ്ഞിക്കില്ലാഞ്ഞു വില്ക്കുന്നിതു ചലർ

അമ്മയ്ക്കും പുനരച്ഛനും ഭാര്യയ്ക്കും

ഉണ്മാൻ പോലും കൊടുക്കുന്നില്ല, ചിലർ"

- ഏതു കവിയുടെ പരിദേവനമാണിത് ?

(A) എഴുത്തച്ഛൻ (B) പി. കുഞ്ഞിരാമൻനായർ

(C) പൂന്താനം (D) കുഞ്ചൻനമ്പ്യാർ

**4.** "ഞാനതിബാലനശക്തനെന്നാകിലും

മാനിയാമെന്നുടെ താതനെയോർക്ക നീ"

- മഹാഭാരതം കിളിപ്പാട്ടിലെ ഏതു കഥാപാത്രം പറയുന്നതാണിത് ?

(A) ലക്ഷണൻ (B) അഭിമന്യു

(C) ഘടോത്കചൻ (D) ഭരതൻ

5. കാലക്രമമനുസരിച്ച് ശരിയായി നിബന്ധിച്ചിരിക്കുന്നത് ഏതെന്നു കണ്ടെത്തുക

(A) തിരുനിഴൽമാല, കൃഷ്ണഗാഥ, ഭഷാഭഗവത്ഗീത, ഹരിനാമകീർത്തനം, നളചരിതം

(B) ഭാഷാഭഗവത്ഗീത, തിരുനിഴൽ മാല, ഹരിനാമകീർത്തനം, നളചരിതം, കൃഷ്ണഗാഥ

(C) തിരുനിഴൽമാല, കൃഷ്ണഗാഥ, ഹരിനാമകീർത്തനം, ഭാഷാഭഗവത്ഗീത, നളചരിതം

(D) തിരുനിഴൽമാല, ഭാഷാഭഗവത്ഗീത, കൃഷ്ണഗാഥ, ഹരിനാമകീർത്തനം, നളചരിതം

6. ടാഗോറിന്റെ ഗീതാഞ്ജലി ബംഗാളിഭാഷയിൽ നിന്ന് നേരിട്ടു മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കവി

(A) വൈലോപ്പിള്ളി (B) സുഗതകുമാരി

(C) ജി. ശങ്കരക്കുറുപ്പ് (D) ആർ. സി. ശർമ്മ

7. ശരിയായി ചേർത്തെഴുതിയതേത് ?

(a) ക്ഷണത്തിൽ ചെന്നുഞെരുങ്ങി പ്രപഞ്ചം നിന്നഹോ ഹിമ<br>കണത്തിൽ ബിംബിച്ചു കാണും കാനനം പോലെ

(b) എന്തിന്നു ഭാരതധരേ കരയുന്നു പാര-<br>തന്ത്ര്യം നിനക്കു വിധി കല്പിതമാണുതായേ!

(c) എന്റെയീശ! ദൃഢമിപ്പദാംബുജ-<br>ത്തിന്റെ സീമ, യതുപോകിലില്ല ഞാൻ.

(d) പാരതന്ത്ര്യം മാനികൾക്കു<br>മൃതിയേക്കാൾ ഭയാനകം.

(i) ഒരു ഉദ്ബോധനം

(ii) നളിനി

(iii) ഒരു തീയ്യക്കുട്ടിയുടെ വിചാരം

(iv) കർമ്മഭൂമിയുടെ പിഞ്ചുകാൽ

(v) പ്രേമസംഗീതം

(vi) കരുണ

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (vi) | (i) | (v) | (iv) |
| (B) | (vi) | (iii) | (ii) | (i) |
| (C) | (iii) | (ii) | (v) | (vi) |
| (D) | (i) | (iv) | (vi) | (i) |

Adda247 GET IT ON Google Play

8. "ശീർഷാസനം" എന്ന പുസ്തകത്തിൽ എം.എൻ.വിജയൻ ഏതു കവിയെയാണ് പഠന വിധേയമാക്കുന്നത് ?
   (A) ഒ.എൻ.വി
   (B) വിഷ്ണുനാരായണൻ
   (C) വൈലോപ്പിള്ളി
   (D) എൻ. വി. കൃഷ്ണവാരിയർ

9. "ചുടുകാപ്പിക്കടയിൽ
   ചുമ്മാതിരിക്കും ചുപ്പാമണിയന്
   തുടരെഴുതി താളിൽ വിളമ്പാൻ
   മെദുവടയല്ലെടോ മലയാളവാക്ക്"
   - ഈ നിരീക്ഷണം ആരുടേത് ?
   (A) സച്ചിദാനന്ദൻ
   (B) എം. ഗോവിന്ദൻ
   (C) കെ.ജി. ശങ്കരപ്പിള്ള
   (D) വി.എം.ഗിരിജ

10. എൻ. വി. കൃഷ്ണവാരിയരുടെ 'കൊച്ചുതൊമ്മൻ'
   (A) ഒരു റിയലിസ്റ്റുകാവ്യമാണ്
   (B) കാല്പനിക പ്രണയ കാവ്യമാണ്
   (C) കാല്പനിക പ്രണയത്തെ പരിഹസിക്കുന്ന കാവ്യമാണ്
   (D) ആസ്തിത്വവാദ കാവ്യമാണ്.

11. 'വീണപൂവ്' ആദ്യം പ്രസിദ്ധീകരിച്ച ആനുകാലികം.
   (A) ഭാഷാപോഷിണി
   (B) മിതവാദി
   (C) യോഗനാദം
   (D) ആത്മപോഷിണി

12. "മലൈനാടായ മലയാളത്തിലെ ആദിമനിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴും ആയിരുന്നു".
   - ആരുടെ പ്രസ്താവന ?
   (A) എ. ആർ. രാജരാജവർമ്മ
   (B) ഡോ. ഹെർമൻ ഗുണ്ടർട്ട്
   (C) പാച്ചു മൂത്തത്
   (D) കോവുണ്ണിനെടുങ്ങാടി

13. സംശ്ലിഷ്ട കക്ഷ്യയിൽപ്പെട്ട ഭാഷ
   (A) സംസ്കൃതം
   (B) ഇംഗ്ലീഷ്
   (C) ചൈനീസ്
   (D) തമിഴ്

14. വിനയെച്ചത്തെ ഭേദകമായി ഉപയോഗിച്ചാൽ അത്
   (A) സാർവനാമികം
   (B) ക്രിയാംഗജം
   (C) നാമാംഗജം
   (D) പാരിമാണികം

Adda247 GET IT ON Google Play

15. **കാര്യം :** അതിവൈകാരികതയുടെ കുത്തൊഴുക്ക് എൻ. കൃഷ്ണ പിള്ളയുടെ നാടകങ്ങളിൽ ദൃശ്യമാണ്. അത് ഒരു ദോഷമാണ്.

**കാരണം :** ജീവിതത്തിന്റെ നഗ്നമായ യാഥാർത്ഥ്യങ്ങളാണ് കൃഷ്ണപിള്ള പ്രമേയങ്ങളാക്കിയത്. വികാരാവിഷ്കാരങ്ങളിൽ അച്ചടക്കം പാലിക്കാൻ അതുകൊണ്ട് പലപ്പോഴും കഴിഞ്ഞില്ല.

(A) കാര്യം ശരി, കാരണം തെറ്റ്
(B) കാര്യവും കാരണവും പൂർണ്ണമായും ശരി
(C) കാര്യവും കാരണവും ഭാഗികമായി ശരി
(D) കാര്യവും കാരണവും പൂർണ്ണമായും തെറ്റ്

16. സക്കറിയയുടെ 'ഭാസ്കരപട്ടേലരും എന്റെ ജീവിതവും' എന്ന രചനയെ ആധാരമാക്കി അടൂർ ഗോപാലകൃഷ്ണൻ രചിച്ച തിരക്കഥ

(A) മുഖാമുഖം (B) നിഴൽക്കുത്ത്
(C) വിധേയൻ (D) എലിപ്പത്തായം

17. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (a) | ജൂതമതം | (i) | ചേരമാൻപെരുമാൾ |
| (b) | ജൈനമതം | (ii) | ശ്രീമൂലവാസം |
| (c) | ബുദ്ധമതം | (iii) | ചിതറാൽ |
| (d) | ഇസ്ലാംമതം | (iv) | പാലയൂർ |
| | | (v) | എടക്കൽ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iv) | (iii) | (ii) | (i) |
| (B) | (ii) | (iii) | (iv) | (i) |
| (C) | (v) | (ii) | (iv) | (i) |
| (D) | (iii) | (ii) | (v) | (i) |

18. കേരളത്തിൽ ദിവസങ്ങളോളം നീണ്ടുനിന്ന ഋഗ്വേദ പരീക്ഷ അറിയപ്പെട്ടിരുന്നത്

(A) തളിയൽതാനം (B) കടവല്ലൂർ അന്യോന്യം
(C) മൂഴിക്കുളം കച്ചം (D) പട്ടത്താനം

**19.** രൂപഭദ്രതാവാദത്തിന് തുടക്കം കുറിച്ചത് ഏതു ഗ്രന്ഥത്തിന് മുണ്ടശ്ശേരി എഴുതിയ വിമർശനമാണ് ?

(A) രണ്ടിടങ്ങഴി

(B) ഉലക്ക

(C) ജീവിക്കാൻ മറന്നുപോയ സ്ത്രീ

(D) തോട്ടിയുടെ മകൻ

**20.** നാഥുറാം ഗോഡ്സെ മുഖ്യകഥാപാത്രമായി വരുന്ന നോവൽ

(A) എന്തുണ്ട് പീലാത്തോസേ വിശേഷം ?

(B) മരുന്ന്

(C) ജ്വാല

(D) ഇതാണെന്റെ പേര്

**21.** 'നാടകാന്തം കവിത്വം' എന്ന് പറഞ്ഞപ്പോൾ മുണ്ടശ്ശേരി വിവക്ഷിച്ചത്

(A) കവിത്വം സഫലമാകുന്നത് നാടക രചനയിലാണ്.

(B) ഏറ്റവും മികച്ച കാവ്യരൂപം നാടകമാണ്

(C) നാടകവും കാവ്യമാണ്

(D) നാടകീയതയാണ് കാവ്യത്തിന്റെ അടിസ്ഥാനം

**22.** ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| (a) | എം. ലീലാവതി | (i) | ഭാഷാനാടക പരിശോധന |
| (b) | വി.സി. ശ്രീജൻ | (ii) | ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ |
| (c) | സി. അന്തപ്പായി | (iii) | അർത്ഥാന്തരന്യാസം |
| (d) | ജി. മധുസൂദനൻ | (iv) | സാഹിത്യനിരൂപണത്തിലെ ദിശാബോധം |
| | | (v) | ആധുനികതയുടെ കുറ്റസമ്മതം |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (ii) | (iv) | (i) | (v) |
| (B) | (iv) | (iii) | (i) | (ii) |
| (C) | (ii) | (i) | (iii) | (v) |
| (D) | (iv) | (iii) | (i) | (v) |

**23.** സേതുവിന്റെ 'അടയാളങ്ങൾ' ശ്രദ്ധേയമാകുന്നതിനു കാരണം.

1. വ്യവസായരംഗത്തെ പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുന്നു.
2. മാതൃപുത്രീ ബന്ധത്തിന്റെ സങ്കീർണ്ണതകൾ ആവിഷ്കൃതമാകുന്നു.
3. ബോധധാരാസങ്കേതം സ്വീകരിച്ചിരിക്കുന്നു.
4. അസ്തിത്വവാദപരമായ കാഴ്ചപ്പാട് പുലർത്തുന്നു

(A) ഒന്നുമാത്രം ശരി

(B) മൂന്നുമാത്രം ശരി

(C) ഒന്നും രണ്ടും ശരി

(D) രണ്ടും മൂന്നും നാലും ശരി

Adda247 GET IT ON Google Play

24. "പൂവമ്പഴത്തിനെതിർമെയ്യെഴുമുണ്ണിയോട്
പൊയ്‌വമ്പു കൂടുമൊരു കോമനടുത്തിടുമ്പോൾ
പൂവമ്പനും പെരുകുമുകൊടടുത്തു പുത്തൻ
പൂവമ്പെടുത്തു പുതുവില്ലിലുടൻ തൊടുത്തു".
- ഇത് ഏതു പ്രസ്ഥാനത്തിൽപ്പെട്ട ശ്ലോകം.

(A) മണിപ്രവാളം (B) പാട്ട്
(C) കിളിപ്പാട്ട് (D) പച്ചമലയാളം

25. ഉത്തരദ്രാവിഡശാഖയിൽപ്പെട്ട ഒരു ഭാഷ
(A) തുളു (B) കൊങ്കിണി
(C) ബ്രാഹൂയി (D) പ്രാകൃതം

26. താഴെ കൊടുത്തവയിൽ ഏതാണ് സ്വതന്ത്രപരിവർത്തന (Free Variation) മായി പരിഗണിക്കാവുന്നത് ?
(A) പുക - പൊക (B) പോകാൻ - പോവാൻ
(C) ഞാൻ - എൻ (D) മഷി - മയി

27. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| (a) | അമർത്യാനന്ദ | (i) | കവിയുടെ കാല്പാടുകൾ |
| (b) | പി. കുഞ്ഞിരാമൻ നായർ | (ii) | അർദ്ധവിരാമം |
| (c) | വി.ടി. ഭട്ടതിരിപ്പാട് | (iii) | കർമ്മവിപാകം |
| (d) | എൻ. എൻ. പിള്ള | (iv) | കഴിഞ്ഞകാലം |
| | | (v) | ഞാൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (ii) | (i) | (iii) | (v) |
| (B) | (ii) | (iv) | (v) | (iii) |
| (C) | (ii) | (i) | (iii) | (iv) |
| (D) | (iv) | (ii) | (v) | (iii) |

28. ഏതു സാഹിത്യവിഭാഗത്തിനാണ് സി.വി. കുഞ്ഞിരാമൻ ഏറെ സംഭാവന നല്കിയത് ?
(A) ചെറുകഥ (B) നോവൽ
(C) നാടകം (D) ഉപന്യാസം

29. 'കോഫി ഹൗസ്' ആരെഴുതിയ ചെറുകഥ ?
(A) സിതാര (B) ധന്യാരാജ്
(C) ഗ്രേസി (D) സാറാ ജോസഫ്

Adda247 GET IT ON Google Play

**30.** മലയാള ഭാഷാപരിണാമത്തെക്കുറിച്ചുള്ള ചർച്ചയിൽ നീചരാജ ഭാഷയെക്കുറിച്ച് പരാമർശിച്ചതാര് ?

(A) സി. എൽ. ആന്റണി  (B) ആറ്റൂർ കൃഷ്ണപിഷാരടി

(C) എൽ. വി. രാമസ്വാമി അയ്യർ  (D) കെ. ഗോദവർമ്മ

**31.** കൃഷ്ണഗാഥയിൽ നിന്ന് എഴുത്തച്ഛൻ കൃതികളിലെത്തുമ്പോൾ മലയാള ഭാഷയ്ക്ക് ഭാഷാ ശാസ്ത്രപരമായ ഒരു വികാസവും സംഭവിച്ചിട്ടില്ല - ആരാണ് ഇങ്ങനെ വാദിച്ചത് ?

(A) ഇ.വി.എൻ. നമ്പൂതിരി  (B) വി. ഐ. സുബ്രഹ്മണ്യം

(C) കെ. എം. പ്രഭാകരവാരിയർ  (D) എസ്. വി. ഷൺമുഖം

**32.** **കാര്യം :** ദ്വിതീയാക്ഷരപ്രാസവാദം ചായക്കോപ്പയിലെ കൊടുങ്കാറ്റായിരുന്നു.

**കാരണം :** പ്രാസവാദത്തിന് എ.ആർ. രാജരാജവർമ്മ എഴുതിയ മധ്യസ്ഥവിധി അനുരഞ്ജനം മാത്രം ലക്ഷ്യമാക്കുന്നതായിരുന്നു.

(A) കാര്യം ശരി, കാരണം തെറ്റ്

(B) കാര്യവും കാരണവും തെറ്റ്

(C) കാര്യവും കാരണവും ശരി

(D) കാര്യം തെറ്റ്, കാരണം ഭാഗികമായി ശരി

**33.** ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| (a) | വിക്രമോർവശീയം | (i) | ചാത്തുക്കുട്ടിമന്നാടിയാർ |
| (b) | മാളവികാഗ്നിമിത്രം | (ii) | കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| (c) | ആശ്ചര്യചൂഡാമണി | (iii) | എ.ആർ.രാജരാജവർമ്മ |
| (d) | ഉത്തരരാമചരിതം | (iv) | കൊട്ടാരത്തിൽ ശങ്കുണ്ണി |
| | | (v) | പന്തളം കേരളവർമ്മ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (ii) | (i) | (iv) | (iii) |
| (B) | (i) | (iv) | (ii) | (iii) |
| (C) | (iv) | (iii) | (ii) | (i) |
| (D) | (v) | (iii) | (iv) | (ii) |

Adda247 GET IT ON Google Play

**34.** ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| (a) | കേരളസംസ്കാര നിഘണ്ടു | (i) | വില്യം ലോഗൻ |
| (b) | ബാലഡ്സ് ഓഫ് നോർത്ത് മലബാർ | (ii) | എസ്.കെ.വസന്തൻ |
| (c) | മലബാർ മാനുവൽ | (iii) | ടി. കെ. വേലുപ്പിള്ള |
| (d) | ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ | (iv) | ചേലനാട്ട് അച്ച്യുതമേനോൻ |
| | | (v) | വാൻറീഡ് |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iii) | (i) | (v) | (iv) |
| (B) | (ii) | (iv) | (i) | (iii) |
| (C) | (iv) | (v) | (i) | (iii) |
| (D) | (iii) | (i) | (v) | (iv) |

**35.** ഹോർത്തുസ് മലബാറിക്കസ് പുനഃപ്രസാധനം ചെയ്തത്

(A) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്

(B) മദ്രാസ് സർവകലാശാല

(C) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

(D) കേരളസർവകലാശാല

**36.** ചേരാത്ത ദ്വന്ദ്വം തിരിച്ചറിയുക

(A) കാൽമയിലോട്ടം - കാരൂർ

(B) പ്രതിജ്ഞ - കേശവദേവ്

(C) പ്രതികാരദേവത - കെ. സരസ്വതി അമ്മ

(D) അന്തകന്റെ തോട്ടി - എസ്. കെ. പോറ്റെക്കാട്

**37.** ഏറ്റവും കൃത്യമായി ചേരുന്ന ദ്വന്ദ്വം ഏത് ?

(A) കെടാമംഗലം പപ്പുക്കുട്ടി - ചെറുകഥ

(B) ഡോ. കെ. ഭാസ്കരൻ നായർ - പുരോഗമന പ്രസ്ഥാനം

(C) കേസരി ബാലകൃഷ്ണപിള്ള - സാംസ്കാരികനവോത്ഥാനം

(D) രാജൻ ഗുരുക്കൾ - മലയാളസാഹിത്യ ചരിത്രം

**38.** മലയോര കർഷകരുടെ ജീവിത ദുരിതങ്ങൾ ചിത്രീകരിച്ച ചെറുകഥാകാരൻ

(A) പൊൻകുന്നം വർക്കി (B) കാക്കനാടൻ

(C) സാറാ തോമസ് (D) ഇ. എം. കോവൂർ

**39.** 'വിഭജനങ്ങൾ' ഏതു വിഭാഗത്തിൽപ്പെട്ട കൃതി ?

(A) രാഷ്ട്രീയോപന്യാസം (B) ചരിത്രം

(C) നോവൽ (D) നാടകം

Adda247 GET IT ON Google Play

40. കെ. പി. എസ്. മേനോൻ എഴുതിയ യാത്രാവിവരണ ഗ്രന്ഥം ഏത് ?

(A) അമേരിക്കയിലൂടെ
(B) ഹിമാലയ സാനുക്കളിൽ
(C) ലണ്ടൻ നോട്ട് ബുക്ക്
(D) മൂന്നു വൻകരകളിലൂടെ

41. സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർ തീർപ്പതിനേകഹേതു വ-
ന്നിടയാമേതു മഹാവിപത്തിലും
- ഇതിലെ അലങ്കാരം

(A) പ്രതിവസ്തൂപമ
(B) അപ്രസ്തുതപ്രശംസ
(C) അർത്ഥാന്തരന്യാസം
(D) കാവ്യലിംഗം

42. കാകളിവൃത്തത്തിന്റെ ഒരു ഈരടിയിൽ എത്ര മാത്രയുണ്ട് ?

(A) നാൽപത്
(B) ഇരുപത്തിനാല്
(C) മുപ്പത്താറ്
(D) നാൽപത്തഞ്ച്

43. ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത്

| | | | |
|---|---|---|---|
| (a) | സത്യവാദഖേടം | (i) | തോമാക്കത്തനാർ |
| (b) | സംക്ഷേപവേദാർത്ഥം | (ii) | കരിയാറ്റിൽ ഔസേപ്പു മൽപാൻ |
| (c) | വേദതർക്കം | (iii) | ക്ലെമന്റ് പാതിരി |
| (d) | വർത്തമാനപ്പുസ്തകം | (iv) | റവ: ജോർജ്ജ് മാത്തൻ |
| | | (v) | അർണ്ണോസ് പാതിരി |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iv) | (iii) | (ii) | (i) |
| (B) | (iii) | (i) | (v) | (iv) |
| (C) | (i) | (ii) | (iii) | (v) |
| (D) | (ii) | (v) | (i) | (iv) |

44. മലയാളിയായ ഒരാൾ ആദ്യമായി മലയാളത്തിലെഴുതിയ മലയാളവ്യാകരണ ഗ്രന്ഥം

(A) കേരളഭാഷാവ്യാകരണം
(B) മലയാളഭാഷാവ്യാകരണം
(C) വ്യാകരണം ചോദ്യോത്തരം
(D) മലയാഴ്മയുടെ വ്യാകരണം

45. ടോൾസ്റ്റോയിയുടെ 'വാർ ആന്റ് പീസ്' ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്

(A) എം. പി. സദാശിവൻ
(B) എൻ.കെ. ദാമോദരൻ
(C) രവിവർമ്മ
(D) ഇടപ്പള്ളി കരുണാകരമേനോൻ

Adda247 GET IT ON Google Play

**താഴെ കൊടുത്തിട്ടുള്ള കവിതാഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

തള്ളക്കോഴി പറഞ്ഞുകൊടുത്തു; -
"കൊക്കൊ കൊ ക്കോക്കൊ. . . . ."
താളം തുള്ളുന്ന കുഞ്ഞിനും തെറ്റീ
താളം, അമ്മതൻ ഗദ്ഗദം കാൺകെ
"കുഞ്ഞേ, തുള്ളാൻ സമയമില്ലിപ്പോൾ
കാഞ്ഞവെയിലത്തുകാലുറപൊള്ളുമ്പോൾ
എന്നുമെന്റെ ചിറകിന്റെ കീഴിൽ
നിന്നു നിന്റെ വയറു നിറയ്ക്കാ-
മെന്നുതോന്നുന്ന തോന്നലു വേണ്ടാ
നിന്റെ ജീവിതം നിൻകാര്യം മാത്രം
നേരമായി നിനക്കു ജീവിക്കാൻ
നേരമിന്നു തിരക്കു കൂട്ടുന്നു.
കാരമുള്ളിൽ കുരുങ്ങിയ നേരിൻ
നീരുനക്കിനുണയുന്ന നേരം
അമ്മയാണു ഞാനക്കാര്യമോർമ്മി-
ച്ചിന്നോളം ഞാൻ നിന്നെപ്പുലർത്തി
നാളിൻ നീളം കുറഞ്ഞു, കുറച്ചു-
ഞാനും ഞാൻ കഴിയുവാൻമോഹം.
പണ്ടെന്നോടുപറഞ്ഞകഥകൾ
വീണ്ടും നിന്നോടു ഞാൻ പറഞ്ഞീടാം.

പണ്ടീമുറ്റം കളപ്പുരമുറ്റം
ചെണ്ടും ചേലും വിടർത്തിയ മുറ്റം
കാറ്റത്താടുമുതിർമണിക്കറ്റ
കെട്ടി കൂമ്പാരം കൂട്ടിയ മുറ്റം
നാവിൻകിങ്ങിണി കെട്ടിയ കൂട്ടം

നാലും കൂട്ടിച്ചവച്ചുമുറുക്കി

നാലുകണ്ണുകൾ തമ്മിലുരുമ്മി

നാടിൻ വീരകഥകളും പാടി,

കാലിൻ കീഴിലുതിർന്ന കതിർമണി

തുള്ളി തൂവി നിറഞ്ഞ തൂമുറ്റം

തത്തിത്തത്തിനടക്കാം, നിറയെ-

കൊത്തിക്കൊക്കുതുറന്നുചിരിക്കാം.

പ്ലാവിൻ ചോട്ടിലെപ്പൂഴിയിൽ നീട്ടി-

പ്പാടിയിത്തിരിനേരം മയങ്ങാം.

ആരോപണ്ടു മെനഞ്ഞ കഥയോ ?

നേരോ? ഞാനറിലിന്നോളം സൗഖ്യം.

അന്നു ഞാനുമുടപ്പിറന്നോരും

ഒന്നു പോലെ കഴിഞ്ഞ കുഞ്ഞുങ്ങൾ

അമ്മ ഞങ്ങളെ നെഞ്ചത്തടുക്കി

ഉമ്മ വെച്ചു വളർത്തിയെന്നാലും

കൊത്തിമാറ്റിയൊരിക്കലതിൽപ്പി-

ന്നെത്രരാവിന്റെ തൂവൽകൊഴിഞ്ഞു.

ചുണ്ടിൽ ചെമ്മാനച്ചോപ്പ്പകർന്നു

കണ്ണിൽ കാളുന്ന കാന്തിനിറഞ്ഞു

രക്തമോടും ഞരമ്പു പിടഞ്ഞു

രക്തമെന്തിനോ തേടിത്തിളച്ചു.

പൂവും നീട്ടിയപ്പൂവാലും കാട്ടി

കാവിലാമാവിൻ കീഴിലൊരുത്തൻ

പൂഞ്ചിറകു പരത്തിച്ചിറഞ്ഞു

പൂതി തോന്നിയടിപ്പെട്ടു ഞാനും

മിണ്ടാനാവാത്ത ദു:ഖ സംതൃപ്തി

Adda247
GET IT ON Google Play

നീണ്ടുനിന്നതൊരു ഞൊടി മാത്രം
(പെണ്ണു തോല്ക്കുന്നു? തോല്ക്കയോ? അല്ല,
കണ്ണിപൊട്ടാതെ കാക്കുന്നശക്തി)
എന്തിനെന്തിനെന്നിപ്പോൾ നിനപ്പൂ
എന്തിനായാലുമന്നുകഴിഞ്ഞു.
കാത്തു ചൂടും പകർന്നുവിരിയാൻ
കാലമാവോളം കണ്ണടയ്ക്കാതെ
കാറ്റനങ്ങിക്കരിയില വീണാൽ
കുറ്റിരുട്ടിലെലിപാഞ്ഞുപോയാൽ
സ്വസ്ഥത വീണുടഞ്ഞു പിടഞ്ഞ
ഹൃത്തു നീറും നിമിഷങ്ങൾ നീറും
കണ്ണുതെറ്റിയ മാത്രകൾ നോക്കി
കണ്ണുവെച്ചവൻ തട്ടിയെടുത്തു
എത്രമുട്ടയുടഞ്ഞു! ചീ മുട്ടയെത്ര!
ഞാനവയെല്ലാം സഹിച്ചു.
പൊട്ടിവീണ പുലരിത്തുടപ്പോ-
ടൊപ്പം നിങ്ങളും പൊട്ടിവിരിഞ്ഞു
കൊക്കു നീട്ടിക്കരഞ്ഞപ്പോഴെന്റെ-
മക്കളേ, ഞാനൊരമ്മയായ്മാറി
മക്കളാണെന്റെ സർവ്വസ്വം, സർവ്വ
ദിക്കിലും തേടി കുച്ചരി തീറ്റാൻ
എന്തിനെന്തിന്നയവിറക്കുന്നു
നോവുകൂട്ടി നുണഞ്ഞ സുഖങ്ങൾ ?
നാളെ നിന്നെ ഞാൻ കൊത്തിമാറ്റുമ്പോൾ
നീയും നിന്റെ കഥകൾ തുടങ്ങും
അന്നു കാണും അനുഭവം നിന്റെ
സന്തതികളിൽ കൂടിപ്പകരും.

ചേരുംപടി ചേർത്തെഴുതുക

46. (a) കൊത്തിച്ചികിച്ചികഞ്ഞിട്ട കൊറ്റിൽ കൊത്തിത്തുള്ളി നടക്കുന്നത് — (i) ഒരുപൂവൻ കോഴിയെ സൂചിപ്പിക്കുന്നു

(b) നിന്റെ ജീവിതം നിൻ കാര്യം മാത്രം — (ii) കവിലോകതത്ത്വം സൂചിപ്പിക്കുന്നു

(c) പെണ്ണുതോല്ക്കുന്നു; തോല്ക്കയോ അല്ല, കണ്ണിപൊട്ടാതെ കാക്കുന്ന ശക്തി — (iii) കോഴിക്കുഞ്ഞിനെ സൂചിപ്പിക്കുന്നു

(d) പൂഞ്ചിറകുപരത്തിച്ചിറഞ്ഞു പൂതിതോന്നിയടിപ്പെട്ടുഞ്ഞാനും — (iv) അമ്മ കുഞ്ഞിനോട് ജീവിത രഹസ്യം സൂചിപ്പിക്കുന്നു

(v) പൂവൻ പിടയോട് പഴകഥ സൂചിപ്പിക്കുന്നു

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (i) | (v) | (iv) | (iii) |
| (B) | (iii) | (iv) | (ii) | (i) |
| (C) | (iv) | (ii) | (ii) | (v) |
| (D) | (ii) | (v) | (iv) | (v) |

47. എപ്പോൾ താൻ ഒരു അമ്മയായി മാറിയെന്നാണ് തള്ളക്കോഴി പറയുന്നത് ?

(A) പൂവും നീട്ടിപ്പൂവാലും കാട്ടി കാവിലെ മാവിൻ കീഴിലൊരു പൂവൻ വന്നപ്പോൾ

(B) കാരമുള്ളിൽ കുരുങ്ങിയ നേരിന്റെ നീരുനക്കിനുണയുന്ന നേരത്ത്

(C) ചുണ്ടിൽ ചെമ്മാനച്ചോപ്പും കണ്ണിൽ കാളുന്ന കാന്തിയും നിറഞ്ഞപ്പോൾ

(D) 'പൊട്ടിവീണ പുലരിത്തുടിപ്പോടൊപ്പം നിങ്ങളും പൊട്ടിവിരിഞ്ഞപ്പോൾ'

Adda247 GET IT ON Google Play

48. തൂമുറ്റത്തിന്റെ പ്രത്യേകതകളെന്ത്?

1. കോഴിക്കുഞ്ഞുങ്ങൾ വിരിഞ്ഞിറങ്ങിയ മുറ്റം
2. കാറ്റത്ത് മണിക്കറ്റകൾ കൂമ്പാരമായി കെട്ടിയിട്ട മുറ്റം
3. ചെണ്ടും ചേലും വിടർത്തിയ മുറ്റം
4. പ്ലാവിൻ ചോട്ടിൽ പൂഴിയുള്ള മുറ്റം

(A) 1 ഉം 4 ഉം ശരി (B) 2 മാത്രം ശരി
(C) 3 ഉം 4 ഉം ശരി (D) 2 ഉം 3 ഉം ശരി

49. രാവിന്റെ തൂവലുകൾ കൊഴിഞ്ഞത് എപ്പോഴാണ് ?

(A) ഉമ്മവെച്ചു വളർത്തിയിട്ടും അമ്മ കൊത്തിയകറ്റി മാറ്റിയപ്പോൾ
(B) ഞരമ്പുപിടഞ്ഞ് രക്തം തിളച്ചപ്പോൾ
(C) കണ്ണു തെറ്റിയ മാത്രയിൽ പലരും മുട്ടകൾ തട്ടിയെടുത്തപ്പോൾ
(D) 'അന്നുഞാനുമുടപ്പിറന്നോരും ഒന്നുപോലെ കഴിഞ്ഞനാളുകളിൽ'

50. ഈ കവിതയിൽ കവി അവതരിപ്പിക്കുന്ന ദുരന്താശയമെന്ത് ?

(A) മാതൃനിയോഗം
(B) പുത്രവാത്സല്യം
(C) ജീവിതം ദു:ഖമയമാണെന്ന സത്യം
(D) ഓരോ വ്യക്തിയും തീർത്തും ഏകാകിയാണെന്നും, ജീവിതം സ്വയം കരുപ്പിടിപ്പിക്കണമെന്നുമുള്ള സത്യം.

- o O o -

Space For Rough Work